<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3917</u> <u>09-10-2025 - ൽ മറുപടിയ്ക്ക്</u>

**<u>കുറ്റ്യാടി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കിയ പദ്ധതികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2021 വർഷം മുതൽ ഇതുവരെയായി കുറ്റ്യാടി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് പദ്ധതിയുടെ പേരും അടങ്കൽ തുകയും വിശദാംശവും സഹിതം പ്രദേശം തിരിച്ച് വിശദമാക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | 2021 വർഷം മുതൽ ഇതുവരെയായി കുറ്റ്യാടി മണ്ഡലത്തിൽ മത്സ്യ കൃഷിക്കായി ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് പദ്ധതിയുടെ പ്രത്യേകതകൾ, നടപ്പിലാക്കിയ സ്ഥലം എന്നിവ സഹിതം വിശദമാക്കാമോ; ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കിയത് വഴി മത്സ്യ ഉല്പാദനം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | മത്സ്യകൃഷിക്കായി കുറ്റ്യാടി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>പൊതുകുളങ്ങളിലെ മത്സ്യക്കുഞ്ഞ് നിക്ഷേപവുമായി ബന്ധപ്പെട്ട് 2022-23 വർഷം മുതൽ 2024-25 വർഷം വരെ 65,325 മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. 2022-23 വർഷം മുതൽ മുറ്റത്തൊരു മീൻതോട്ടം പദ്ധതി പ്രകാരം 51 യൂണിറ്റുകൾക്കായി 4,08,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. അർദ്ധ ഊർജിത ശുദ്ധജല മത്സ്യകൃഷി, കൂട്ടുകൃഷി, ബയോഫ്ളോക്ക്, പട്ടതാക്കുളം, മത്സ്യവിത്തുൽപ്പാദനം, അർദ്ധ ഊർജിത ഓരുജല മത്സ്യകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം എന്നീ പദ്ധതികൾക്കായി 2020-21 വർഷം 16,95,563 രൂപയും, 2021-22 വർഷം 36,65,890 രൂപയും 2022-23 വർഷം 18,13,354 രൂപയും 2023-24 വർഷം 34,08,364 രൂപയും, 2024-25വർഷം 5,95,362 രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കുറ്റ്യാടി പുഴ ഉൾനാടൻ ജല ആവാസവ്യവസ്ഥ, സംയോജിത മത്സ്യ വിഭവ പരിപാലനം 2022-25 പ്രകാരം മണിയൂർ പഞ്ചായത്തിൽ 3,85,000 കരിമീൻ കുഞ്ഞുങ്ങളെയും 50,000 പൂമീൻ കുഞ്ഞുങ്ങളെയും തിരുവള്ളൂർ പഞ്ചായത്തിൽ 4,00,000 കാർപ്പ് മത്സ്യക്കുഞ്ഞുങ്ങളെയും നിക്ഷേപിച്ചിട്ടുണ്ട്.<br><br>മേൽ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ മത്സ്യോൽപ്പാദന വർദ്ധനവ് സാധ്യമായിട്ടുണ്ട്. ശരാശരി ഒരു മത്സ്യത്തൊഴിലാളിക്ക് ഒരു ദിവസം 3 |

| | | | |
|---|---|---|---|
| | | | കിലോ അധികം മത്സ്യം ലഭിച്ചു വരുന്നുണ്ട്. ഇപ്രകാരം പ്രതിദിനം ശരാശരി 420 രൂപ അധികമായി ലഭിക്കുന്നുണ്ട് . |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**2021 വർഷം മുതൽ കുറ്റ്യാടി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ**

| ക്രമ നം. | പദ്ധതിയുടെ പേര് | തദ്ദേശ സ്ഥാപനം | തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | അട്ടക്കുണ്ട് കടവ് തീരദേശറോഡ് | മണിയൂർ ഗ്രാമപഞ്ചായത്ത് | 53.50 ലക്ഷം രൂപ | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | അട്ടക്കുണ്ട് പാലം– മാനോത്ത് താഴെ തീരദേശറോഡ് | മണിയൂർ ഗ്രാമപഞ്ചായത്ത് | 53.50 ലക്ഷം രൂപ | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | മീത്തലവയൽ ആര്യമ്പത്ത് അമ്പലം റോഡ് | മണിയൂർ ഗ്രാമപഞ്ചായത്ത് | 50.00 ലക്ഷം രൂപ | പ്രവൃത്തി പുരോഗമിച്ചുവരുന്നു |